പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2143 **26-10-2026-ൽ മറുപടിയ്ക്ക്**

സമ്പൂർണ്ണ ശുചിത്വ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കല്ലട മാഹിൻ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്കു നയിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനം ആക്കുന്നതിനായി 2026 ഒക്ടോബർ 2-ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. 2031 മാർച്ച് 31-നകം ലക്ഷ്യം കൈവരിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ജൈവമാലിന്യ സംസ്കരണം, അജൈവമാലിന്യ ശേഖരണം, സാനിറ്ററി-ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, പുനഃചംക്രമണം, ബയോമൈനിങ്, ഡിജിറ്റൽ നിരീക്ഷണം എന്നിവ ശക്തിപ്പെടുത്താൻ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ, 21.08.2026 തീയതിയിലെ സ.ഉ.(പി) നം. 38/2026/LSGD, പ്രകാരം 'Policy on Safe Reuse of Treated Wastewater' എന്ന നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ മലിനജല സംസ്കരണ പ്ലാന്റുകളിൽനിന്നുള്ള സംസ്കരിച്ച ജലം നിർമ്മാണം, കൃഷി, ലാൻഡ്സ്കേപ്പിംഗ്, ടോയ്ലറ്റ് ഫ്ലഷിങ്, വ്യവസായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് സുരക്ഷിതമായി പുനരുപയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ശുദ്ധീകരിച്ച മലിനജലം സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള നയവും പ്ലാസ്റ്റിക് റീസൈക്ലിംഗ് നയവും രൂപീകരിച്ചിട്ടുണ്ടോ;

മറുപടി: സംസ്ഥാനത്തെ മലിനജല സംസ്കരണ പ്ലാന്റുകളിൽനിന്നുള്ള സംസ്കരിച്ച ജലം സുരക്ഷിതമായി പുനരുപയോഗിക്കുന്നതിനായി സ.ഉ.(പി) നം. 38/2026/ത.സ്വ.ഭ.വ., തീയതി 21.08.2026 പ്രകാരം 'Policy on Safe Reuse of Treated Wastewater' എന്ന നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിർമ്മാണം, കൃഷി, ലാൻഡ്സ്കേപ്പിംഗ്, ടോയ്ലറ്റ് ഫ്ലഷിങ്, വ്യവസായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് സംസ്കരിച്ച ജലം സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങളും ഗുണനിലവാര മാനദണ്ഡങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് റീസൈക്ലിങ് നയത്തിന്റെ പ്രാഥമിക കരട് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. തുടർചർച്ചകൾക്കുശേഷം നയം അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാലിന്യ നിർമ്മാർജ്ജനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> മാലിന്യപരിപാലനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ 'നിർമ്മലം – പുതുയുഗ ശുചിത്വ കേരളം' ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. സ.ഉ. (കൈ) നം. 128/2026/ത.സ്വ.ഭ.വ., തീയതി 30.09.2026 പ്രകാരം അംഗീകരിച്ച മാർഗരേഖയുടെ അടിസ്ഥാനത്തിൽ 2026 ഒക്ടോബർ 2-ന് ആരംഭിച്ച ക്യാമ്പയിൻ 2031 മാർച്ച് 30-നകം ലക്ഷ്യം കൈവരിക്കുന്നതിനായി ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, ഉറവിടത്തിൽ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക, പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുക, പൊതുസ്ഥലങ്ങളും ജലാശയങ്ങളും മാലിന്യമുക്തമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമസേന, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, വിദ്യാർഥികൾ, വ്യാപാരി-വ്യവസായി സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ ഏകോപിത പങ്കാളിത്തത്തിലൂടെ ശാസ്ത്രീയ മാലിന്യപരിപാലനം ജീവിതശൈലിയുടെ ഭാഗമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ